## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 7789 23.07.2012 ലെ മറുപടിയ്ക്ക്

### പുതിയ ഭാഗ്യക്കുറി

**ചോദ്യം**

ശ്രീമതി. കെ. എസ്. സലീഖ

**ഉത്തരം**

ശ്രീ. കെ.എം. മാണി
(ധനകാര്യവും നിയമവും
ഭവനനിർമ്മാണവും വകുപ്പുമന്ത്രി)

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര പുതിയ ഭാഗ്യക്കുറികൾ തുടങ്ങി; അവ ഏതെല്ലാം ; ഏതൊക്കെ ദിവസങ്ങളിലാണ് ഇവയുടെ നറുക്കെടുപ്പ് ; ഇനി പുതിയ ഏതെങ്കിലും ഭാഗ്യക്കുറി തുടങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(എ) പുതുതായി 6 പ്രതിവാര ഭാഗ്യക്കുറികൾ തുടങ്ങി. ഭാഗ്യക്കുറികളും നറുക്കെടുപ്പ് ദിവസവും ചുവടെ ചേർക്കുന്നു.

| ഭാഗ്യക്കുറി | നറുക്കെടുപ്പ് ദിവസം |
|---|---|
| പൗർണ്ണമി | ഞായർ |
| ധനശ്രീ | ചൊവ്വ |
| അക്ഷയ | ബുധൻ |
| പ്രതീക്ഷ | വ്യാഴം |
| ഭാഗ്യനിധി | വെള്ളി |
| കാരുണ്യ | ശനി |

പുതുതായി ഭാഗ്യക്കുറി ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(ബി) ഈ സാമ്പത്തിക വർഷം ഭാഗ്യക്കുറിയിൽ നിന്നും എത്ര കോടി രൂപയുടെ വിറ്റുവരവ് നേടാനാണ് ഉദ്ദേശിക്കുന്നത് ; ഇത് കഴിഞ്ഞ സാമ്പത്തിക വർഷവുമായി താരതമ്യം ചെയ്യുമ്പോൾ എത്ര ശതമാനത്തിന്റെ വർദ്ധനവാണ് വരുന്നത്; കഴിഞ്ഞ മൂന്ന് മാസത്തെ ഭാഗ്യക്കുറി വിറ്റു വരവ് എത്ര; വ്യക്തമാക്കുമോ;

(ബി) 2012-13 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം ഭാഗ്യക്കുറിയിൽ നിന്നും 1860/- കോടി രൂപയുടെ വിറ്റുവരവാണ് പ്രതീക്ഷിക്കുന്നത്.

കഴിഞ്ഞ വർഷം സമാഹരിച്ച തുകയുമായി താരതമ്യം ചെയ്യുമ്പോൾ 44.5 ശതമാനം വർദ്ധനവാണ് 2012-13 ൽ പ്രതീക്ഷിക്കുന്നത്. കഴിഞ്ഞ മൂന്ന് മാസത്തെ ഭാഗ്യക്കുറി വിറ്റുവരവ് 562.53/- കോടി രൂപയാണ്.

| | | | |
|---|---|---|---|
| (സി) | കഴിഞ്ഞ ഓണം ബമ്പറിൽ നിന്നും എത്ര കോടിയുടെ വിറ്റുവരവും എത്ര കോടിയുടെ അറ്റാദായവും ഉണ്ടായി; ഈ ഓണം ബമ്പറിൽ എത്ര കോടിയുടെ വിറ്റുവരവാണ് ലക്ഷ്യമിടുന്നത്; വ്യക്തമാക്കുമോ; | (സി) | കഴിഞ്ഞ വർഷത്തെ തിരുവോണം ബമ്പർ ഭാഗ്യക്കുറിയിൽ നിന്നും 60.46 കോടി രൂപയുടെ വിറ്റുവരവും, 27.55 കോടിയുടെ അറ്റാദായവും ഉണ്ടായി. ഈ വർഷത്തെ ഓണം ബമ്പർ ഭാഗ്യക്കുറിയിൽ നിന്നും 75 കോടി രൂപയുടെ വിറ്റുവരവാണ് ലക്ഷ്യമിടുന്നത്. |
| (ഡി) | കേരള ഭാഗ്യക്കുറിയുടെ ഒന്നാം സമ്മാനങ്ങൾ തുടർച്ചയായി അന്യസംസ്ഥാനങ്ങളിൽ ചെന്നെത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) & (ഇ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള ഇത്തരം സംശയാസ്പദമായ ക്ലെയിമുകളിന്മേൽ ഇപ്പോൾ ക്രൈം ബ്രാഞ്ച് അന്വേഷണം നടന്നു വരികയാണ്. |
| (ഇ) | അന്യസംസ്ഥാനത്തുള്ളവരുടെ കള്ളപ്പണം വെളുപ്പിക്കാൻ കേരളത്തിലെ ചില ലോട്ടറി ഏജന്റുമാരുമായി ഒത്തുകളിച്ചാണ് ഇപ്രകാരം കോടിക്കണക്കിന് രൂപയുടെ സമ്മാനങ്ങൾ തുടർച്ചയായി അന്യസംസ്ഥാനങ്ങളിലേയ്ക്ക് ഒഴുകുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരത്തിലുള്ള ഒത്തുകളി അവസാനിപ്പിക്കാനും ഇത്തരത്തിലുള്ള ഒത്തുകളിയ്ക്ക് കൂട്ടുനിന്നവരെ നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരാനും എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ